# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 16

## വാർത്താക്കുറിപ്പ്

### സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. 2020-22 ബാച്ച് (സി.എസ്.എസ്.) പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. എം.ജി. സർവകലാശാല ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം ഡിസംബർ 18നകം sps@mgu.ac.in എന്ന ഇമെയിലിലൂടെ അപേക്ഷിക്കണം.

(പി.ആർ.ഒ/39/1314/2020)

### പരീക്ഷാഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. (റഗുലർ/സപ്ലിമെന്ററി) എം.എസ് സി. ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1314/2020)

### മഹാത്മാഗാന്ധി സർവകലാശാലയിൽ 24 അധ്യാപക ഒഴിവ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിവിധ വിഷയങ്ങളിലായി അസിസ്റ്റന്റ് പ്രൊഫസർ -12, അസോസിയേറ്റ് പ്രൊഫസർ-അഞ്ച്, പ്രൊഫസർ -ഏഴ് എന്നിങ്ങനെയാണ് ഒഴിവ്. യോഗ്യതയും പ്രായവും: 2018 ലെ യു.ജി.സി. ചട്ടങ്ങൾ പ്രകാരം. 2020 ഡിസംബർ 25 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ രണ്ട് പകർപ്പുകളും മറ്റുരേഖകളുടെ പകർപ്പുകളും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ -2 (ഭരണവിഭാഗം) മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, പിൻ: 686560 എന്ന വിലാസത്തിൽ 2021 ജനുവരി നാലിനകം നൽകണം.

ഓൺലൈനായി രേഖകൾ അപ്ലോഡ് ചെയ്യേണ്ടതില്ല. യോഗ്യത, പ്രവൃത്തിപരിചയം പ്രായം, കമ്മ്യൂണിറ്റി, സംവരണം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും രേഖകളുടെയും സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതമാണ് അപേക്ഷ നൽകേണ്ടത്. സർവകലാശാല/സർക്കാർ-സ്വകാര്യ കോളജുകളിൽ ജോലി ചെയ്യുന്ന അധ്യാപകർ തൊഴിൽദാതാവിൽനിന്ന് നിരാക്ഷേപ പത്രം(എൻ.ഒ.സി.) അപേക്ഷയ്ക്കൊപ്പം നൽകണം. കേരളത്തിനു പുറത്തുള്ള സർവകലാശാലകളിൽ/ സ്ഥാപനങ്ങളിൽനിന്ന് യോഗ്യത നേടിയവർ മഹാത്മാഗാന്ധി സർവകലാശാലയിൽനിന്നുള്ള ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകണം.

അസിസ്റ്റന്റ് പ്രൊഫസർക്ക് 2000 രൂപയും(എസ്.സി./എസ്.ടി 1000 രൂപ) അസോസിയേറ്റ് പ്രൊഫസർക്ക് 5000 രൂപയും (എസ്.സി./എസ്.ടി 2500 രൂപ) പ്രൊഫസർക്ക് 7500

രൂപയുമാണ്(എസ്.സി./എസ്.ടി 3750 രൂപ) രജിസ്ട്രേഷൻ ഫീസ്. വിശദവിവരവും വിജ്ഞാപനവും സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1314/2020)

**എ. അരുൺകുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ